**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് -മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ഥിരം ജീവനക്കാർക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ(പി.യു.സി) വകുപ്പ്**

ജി.ഒ.(പി) നം.160/2018/ധന തീയതി, തിരുവനന്തപുരം, 12.10.2018

---

പരാമർശം: 04.04.2012-ലെ സ.ഉ(പി) നം.210/2012/ധന നം.ഉത്തരവ്

**<u>ഉത്തരവ്</u>**

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ കെ.എസ്.ആർ ബാധകമായിട്ടുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരുവർഷത്തിൽ പരമാവധി 15 ദിവസം പ്രത്യേക ആകസ്മിക അവധി, നിബന്ധനകൾക്ക് വിധേയമായി, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കെ.എസ്.ആർ ബാധകമാക്കിയിട്ടില്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്കു കൂടി മേൽ അവധി അനുവദിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മേൽ ഉത്തരവിലെ നിബന്ധനകൾക്കുവിധേയമായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും അർഹരായ സ്ഥിരം ജീവനക്കാർക്കു കൂടി ടി അവധി ആനുകൂല്യം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ആനുകൂല്യത്തിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്**

ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
5. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും/ബോർഡുകളിടെയും/കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്, ലേബർ കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ /
7. സ്പെഷ്യൽ സെക്രട്ടറിമാർ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ /ഡെപ്യൂട്ടി സെക്രട്ടറിമാർ /അണ്ടർ സെക്രട്ടറിമാർ
8. ഗവർണ്ണറുടെ സെക്രട്ടറി
9. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
11. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
12. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
13. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ